**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 896** **06-02-2023 - ൽ മറുപടിയ്ക്ക്**

**ഉന്നതി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ജോയി,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീ. കെ.വി.സുമേഷ്** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി, പട്ടികവർഗ്ഗ പിന്നാക്കക്ഷേമ വകുപ്പുകളുടെ വികസന, വിദ്യാഭ്യാസ, ക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി അവയെ ഉന്നതി പദ്ധതിയിൻ കീഴിൽ കൊണ്ടുവരുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | പട്ടികജാതി, പട്ടികവർഗ പിന്നാക്ക ക്ഷേമ വികസന വകുപ്പുകൾ നടപ്പിലാക്കുന്ന വികസന ക്ഷേമ പ്രവർത്തനങ്ങളെ പദ്ധതികളുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളുടെയും നിർവഹണ രീതികളുടെയും സമാന സ്വഭാവ സവിശേഷതകൾ കണക്കിലെടുത്തു കൂടുതൽ ഫലപ്രദമായ രീതിയിൽ നടപ്പിലാക്കുന്നതിന് ഉന്നതി എന്ന പൊതുനാമധേയം സ്വീകരിക്കുന്നതാണ്. വിവിധ വകുപ്പുകളായി നിലകൊള്ളുമ്പോഴും അവയുടെ പ്രവർത്തന ശൈലിയിലെയും ലക്ഷ്യവിഭാഗങ്ങളുടെ പിന്നോക്കാവസ്ഥയിലെയും സമാനതകൾ ഉൾക്കൊണ്ടു പൊതു സമൂഹത്തിൽ പദ്ധതി നിർവഹണം കൂടുതൽ സുതാര്യവും സ്വീകാര്യവുമാക്കുന്നതിനു പൊതു ബ്രാൻഡിംഗ് ഉചിതമാണ്. ക്ഷേമ പദ്ധതികൾ ഗുണഭോക്താക്കളിലേക്കു എത്തിക്കുന്നതിന് നവമാധ്യമങ്ങൾ വഴി പ്രചാരണങ്ങൾക്കും, ഒരേ പദ്ധതി വിവിധ വകുപ്പുകൾ വ്യത്യസ്ത രീതികളിൽ നടപ്പിലാക്കുമ്പോൾ പൊതുസമൂഹത്തിൽ ഉണ്ടായേക്കാവുന്ന ആശയക്കുഴപ്പങ്ങൾ ലഘൂകരിക്കുന്നതിനും പദ്ധതി പ്രവർത്തനങ്ങളിൽ ഏകോപനം ഫലപ്രദമാക്കുന്നതിനും പ്രയോജനകരമാകും. |
| (ബി) | വിവിധ പദ്ധതികൾ ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിലൂടെ ഈ രംഗത്ത് എന്തെല്ലാം മാറ്റങ്ങൾ വരുത്തുവാൻ സാധിക്കുമെന്നാണ് വിലയിരുത്തുന്നതെന്ന് വിശദമാക്കുമോ? | (ബി) | പട്ടികജാതി, പട്ടികവർഗ പിന്നാക്ക ക്ഷേമ വികസന വകുപ്പുകൾ നടപ്പിലാക്കുന്ന വികസന ക്ഷേമ പ്രവർത്തനങ്ങളെ പദ്ധതികളുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളുടെയും നിർവഹണ രീതികളുടെയും സമാന സ്വഭാവ സവിശേഷതകൾ കണക്കിലെടുത്തു കൂടുതൽ ഫലപ്രദമായ രീതിയിൽ നടപ്പിലാക്കുന്നതിന് ഉന്നതി എന്ന പൊതുനാമധേയം സ്വീകരിക്കുന്നതാണ്. വിവിധ വകുപ്പുകളായി നിലകൊള്ളുമ്പോഴും അവയുടെ പ്രവർത്തന ശൈലിയിലെയും ലക്ഷ്യവിഭാഗങ്ങളുടെ |

| | | | |
|---|---|---|---|
| | | | പിന്നോക്കാവസ്ഥയിലെയും സമാനതകൾ ഉൾക്കൊണ്ടു പൊതു സമൂഹത്തിൽ പദ്ധതി നിർവഹണം കൂടുതൽ സുതാര്യവും സ്വീകാര്യവുമാക്കുന്നതിനു പൊതു ബ്രാൻഡിംഗ് ഉചിതമാണ്. ക്ഷേമ പദ്ധതികൾ ഗുണഭോക്താക്കളിലേക്കു എത്തിക്കുന്നതിന് നവമാധ്യമങ്ങൾ വഴി പ്രചാരണങ്ങൾക്കും, ഒരേ പദ്ധതി വിവിധ വകുപ്പുകൾ വ്യത്യസ്ത രീതികളിൽ നടപ്പിലാക്കുമ്പോൾ പൊതുസമൂഹത്തിൽ ഉണ്ടായേക്കാവുന്ന ആശയക്കുഴപ്പങ്ങൾ ലഘൂകരിക്കുന്നതിനും പദ്ധതി പ്രവർത്തനങ്ങളിൽ ഏകോപനം ഫലപ്രദമാക്കുന്നതിനും പ്രയോജനകരമാകും. |

സെക്ഷൻ ഓഫീസർ